സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കേരളത്തിലുണ്ടായ ഭൂചലനവും അതുമൂലം ഡാമിനുണ്ടായ പരിക്കുകളോ ഉണ്ടായേക്കാവുന്ന ഭീഷണിയോ മറ്റു പ്രശ്നങ്ങളോ സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ശാസ്ത്രജ്ഞ സംഘം നടത്തിവരുന്ന ശാസ്ത്രീയ പഠനത്തിൽ വെളിവാകുന്ന വസ്തുതകൾ കൂടി ഉൾപ്പെടുത്തി കേന്ദ്ര സാങ്കേതിക കമ്മിറ്റിയുടെ നിഷ്പക്ഷമല്ലാത്ത റിപ്പോർട്ടുകളെ തള്ളിക്കളയണമെന്ന് കാണിച്ച് വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. എ. കണാരൻ : ശ്രീ. പി. സി. ജോർജ്ജ് എം. എൽ. എ. ചെയർമാനായിട്ടുള്ള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി ഡാം സന്ദർശിക്കുകയും 102 അടിയായി ജലനിരപ്പ് താഴ്ത്തണമെന്ന് ശുപാർശ ചെയ്യുകയും ആ അണക്കെട്ടിന്റെ തകർച്ച ഉണ്ടായാൽ സംഭവിക്കാവുന്ന ഭീകരമായ നാശനഷ്ടങ്ങൾ കണക്കാക്കി 30,000 കോടി രൂപയ്ക്ക് അണക്കെട്ട് ഇൻഷ്വർ ചെയ്യണമെന്നും അതിന്റെ പ്രീമിയം തുക തമിഴ്നാട് ഗവൺമെന്റ് അടയ്ക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : അതൊന്നും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ 136 അടിയിൽ തന്നെ നിൽക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. കെ. പി. രാജേന്ദ്രൻ) : അടുത്തതായി ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നതിന് ശ്രീ. ഇ. എം. അഗസ്തിയെ ക്ഷണിക്കുന്നു.

(2) സ്വകാര്യമേഖലയിൽ കൂടുതൽ എൻജിനീയറിംഗ്/ മെഡിക്കൽ കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ. എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും തുടങ്ങേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധക്ഷണിക്കുന്നത്. ഞാൻ ഈ വിഷയത്തെ മുൻനിർത്തി 21-7-1999-ൽ ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവരികയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിരുന്നു. അന്ന് മന്ത്രി പറഞ്ഞ മറുപടി ഗവൺമെന്റ് ഈ കാര്യത്തിൽ നയപരമായ ഒരു തീരുമാനമെടുത്തിട്ടില്ല. എത്രയും വേഗം തീരുമാനമെടുക്കുമെന്നാണ്. വർഷം രണ്ടു കഴിഞ്ഞു. ഗവൺമെന്റ് ഇപ്പോൾ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എന്നുമാത്രമല്ല, കഴിഞ്ഞ ദിവസം കേരളാ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളോ, മെഡിക്കൽ കോളേജുകളോ തുടങ്ങുന്നതായുള്ള യാതൊരു പരാമർശവും ഇല്ല. ഗവർണ്ണർ തന്നെ പറയുന്നത് സഹകരണ മേഖലയിലും ഐ.എച്ച്.ആർ.ഡി. യുടെ കീഴിലും എൽ.ബി.എസ്.ന്റെ കീഴിലും എൻജിനീയറിംഗ് കോളേജുകൾ തുടങ്ങുമെന്നാണ്. ഞാൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മറ്റു വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസമന്ത്രി യോജിക്കുന്ന ഒരു കാര്യമുണ്ട്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 1970 വരെ കേരളം വിദ്യാഭ്യാസ രംഗത്ത് വളരെ മുൻപിലായിരുന്നു. പക്ഷേ 1980-കൾക്കുശേഷം നമ്മൾ വളരെ പുറകോട്ടുപോയി. ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞു എന്നു മാത്രമല്ല, കാലപ്പഴക്കം കൊണ്ട് പ്രയോജനമില്ലാത്ത, സാങ്കേതിക ഗുണമേന്മയില്ലാത്ത കോഴ്സുകളാണ് നമ്മുടെ കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുന്നത്. ലോകമെമ്പാടും ആദരിക്കുന്ന നോബൽ സമ്മാനജേതാവായ അമർത്യാസെൻ തന്നെ തിരുവനന്തപുരത്തു വന്ന് പറഞ്ഞത്, ലോകത്തിന്റെ ഭാവി പുതിയ വൈജ്ഞാനിക ശാഖകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. ഈ വൈജ്ഞാനിക ശാഖകളുമായി ബന്ധപ്പെടുത്താൻ കേരളത്തിന്റെ ഭാവി തലമുറയ്ക്കുള്ള സാദ്ധ്യതകൾ അടച്ചുകളയത്തക്ക നിലയിലാണ് ഈ ഗവൺമെന്റ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സാങ്കേതിക നയങ്ങളൊക്കെയുണ്ടാകും. പക്ഷേ 35000-ത്തോളം കുട്ടികൾ നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷവും എൻട്രൻസ് പരീക്ഷയിൽ റാങ്കുനേടുന്നു. പക്ഷേ ഈ 35000-ത്തോളം കുട്ടികളിൽ 5000-ത്തിന് താഴെ കുട്ടികൾക്കു മാത്രമാണ് ഇപ്പോൾ കേരളത്തിൽ പഠിക്കാൻ അവസരം കിട്ടുന്നത്. ബാക്കി കുട്ടികൾക്ക് പഠിക്കാനുള്ള അവസരം തന്നെ നഷ്ടപ്പെടുന്നു. സാമ്പത്തിക സൗകര്യമുള്ള കുറച്ചു കുട്ടികൾ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കാൻ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നു. കൊച്ചിൻ സർവ്വകലാശാലയുടെ വി.സി. ഡോ. എം. വി. പൈലിയുടെ നേതൃത്വത്തിലുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രൊമോഷൻ കൗൺസിൽ നടത്തിയ സർവ്വേപ്രകാരം 600 കോടിയോളം രൂപ കേരളത്തിന് പുറത്തു കർണ്ണാടകത്തിലും ആന്ധ്രയിലും മഹാരാഷ്ട്രയിലുമായി വിദ്യാഭ്യാസത്തിനുവേണ്ടി കേരളത്തിലെ കുട്ടികൾ ചെലവഴിക്കുന്നു. മാത്രമല്ല, ഇപ്പോൾ പ്രൊഫസർ എം.വി. പൈലി ഉൾപ്പെടെയുള്ള മലയാളികളായ പ്രഗൽഭന്മാർ നേതൃത്വം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ കോയമ്പത്തൂരിൽ തുടങ്ങുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കറിയാം. അദ്ദേഹവും ഞാനും ഓരേ ജില്ലക്കാരാണ്. ജില്ലയോടു തൊട്ടുചേർന്നുകിടക്കുന്ന തമിഴ്നാട്ടിലെ അവികസിത പ്രദേശമായ തേനിയിലും കമ്പത്തും പുതിയ സാങ്കേതിക സ്ഥാപനങ്ങളും എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും വരികയാണ്. അവിടെയൊക്കെ പഠിക്കുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും കേരളീയരാണ്. കേരളത്തിന്റെ പണമാണ് അവിടേയ്ക്കു പോകുന്നത്. ഇപ്പോൾ കേരളത്തിലെ കുട്ടികൾക്ക് അവിടെ പഠിക്കാൻ സൗകര്യങ്ങളുണ്ടെങ്കിലും കുറച്ചുകഴിയുമ്പോൾ പ്രാദേശികവാദമുണ്ടാകും. ഇതൊക്കെ കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയെ പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ട കാര്യമാണെന്നു തോന്നുന്നില്ല. നയപരമായ പ്രശ്നമാണ്, തീരുമാനമെടുക്കാൻ ഗവൺമെന്റിന് കാലതാമസമുണ്ടാക്കുന്നത് എന്നെനിക്കു തോന്നുന്നു. സ്വകാര്യമേഖലയോട് എന്താണ് ഗവൺമെന്റിന് ഒരു അയിത്തം ? വിദ്യാഭ്യാസമന്ത്രി അദ്ദേഹത്തിന്റെ സമീപനം തുറന്നു പറയണം. ഞാൻ 1999-ൽ കാളിംഗ് അറ്റൻഷൻ അവതരിപ്പിച്ചപ്പോൾ അദ്ദേഹം ഒഴിഞ്ഞുമാറി. അതുകൊണ്ട് ഗവൺമെന്റിന്റേയും വിദ്യാഭ്യാസമന്ത്രിയുടേയും സമീപനം

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്ന് വ്യക്തമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത്, ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്താണെങ്കിലും പ്രൈമറി വിദ്യാഭ്യാസ രംഗത്താണെങ്കിലും സ്വകാര്യ മേഖലയെ ഒഴിവാക്കാൻ കഴിയുമോ ? അത്മാർത്ഥമായി മറുപടി പറയണം. ഞാൻ വലിയ കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത്-നമ്മുടെ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ ഷെയർ എത്രയാണ് ? പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ ഷെയർ 58 ശതമാനമാണ്. ബാക്കി ചെയ്യുന്നത് സ്വകാര്യമേഖലയാണ്. 580 പ്രൈവറ്റ് അൺഎയിഡഡ് സ്കൂളുകളാണ് ഇവിടെയുള്ളത്. ഗവൺമെന്റ് ഒരു പൈസയും മുടക്കുന്നില്ല. അവരാണ് വിദ്യാഭ്യാസത്തിൽ നല്ല ഗുണനിലവാരം കൊണ്ടുവരുന്നത്. യൂണിവേഴ്സിറ്റി വിദ്യാഭ്യാസ രംഗത്ത് കാലഹരണപ്പെട്ട കോഴ്സുകളാണ് നടത്തുന്നതെങ്കിലും യൂണിവേഴ്സിറ്റി വിദ്യാഭ്യാസ രംഗത്തുള്ള കേരളത്തിലെ കോളേജുകളുടെ എണ്ണം അറിയണോ ? കേരളത്തിലെ കോളേജുകളുടെ എണ്ണം 186. അതിൽ സ്വകാര്യ മാനേജുമെന്റുകൾ നടത്തുന്നത് 148. അൺഎയിഡഡ് കോളേജുകൾ 18. ഗവൺമെന്റ് കോളേജുകളുടെ എണ്ണം കേവലം 38. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ സ്വകാര്യമേഖലയെ ഒഴിവാക്കിക്കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗം പരിഷ്ക്കരിക്കും, ഗുണനിലവാരമുണ്ടാക്കും എന്നൊക്കെ പറയുന്നതിന്റെ ഔചിത്യം എന്താണെന്ന് മനസ്സിലാകുന്നില്ല. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തിനുവേണ്ടി നമ്മൾ ചെലവഴിക്കുന്നത് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 4.6 ശതമാനമാണ്. ആ 4.6 ശതമാനത്തിന്റെ 40 ശതമാനം ചെലവഴിക്കുന്നത് പ്രൈമറി വിദ്യാഭ്യാസത്തിനാണ്. സെക്കന്ററി വിദ്യാഭ്യാസത്തിന് 31 ശതമാനം. കോളേജ് വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്നത് 14.67 ശതമാനം മാത്രം. ഇനി പണം മുടക്കാൻ ഗവൺമെന്റിന് പറ്റുമോ ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അങ്ങ് ആത്മാർത്ഥമായി പറയണം, പണം മുടക്കാൻ കേരളാ ഗവൺമെന്റിന് പറ്റുമോ ? കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം ഉടച്ചുവാർത്ത് കാലോചിതവും ജനോപകാരപ്രദവുമായി, കാലത്തിന്റെ മാറ്റമനുസരിച്ച് തൊഴിൽ സാദ്ധ്യതകളുണ്ടാകുന്ന വിദ്യാഭ്യാസരംഗം ക്രമീകരിക്കുന്നതിനുവേണ്ടി കേരളാ ഗവൺമെന്റിന് മാത്രമായി പണം മുടക്കാൻ കഴിയുമോ ? കേരളാ ഗവൺമെന്റിന് പണം മുടക്കാൻ കഴിയുകയില്ലായെന്ന് ഇക്കണോമിക് സർവ്വേയിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഔദ്യോഗികമായി ഇക്കണോമിക് സർവ്വേയിൽ പറഞ്ഞിട്ടുണ്ട് കേരളാ ഗവൺമെന്റിന് പണം മുടക്കാൻ പറ്റില്ലായെന്ന്, പിന്നെ ആര് പണം മുടക്കും? അതാണ് പ്രശ്നം. ഉന്നതമായ സേവനമനുഷ്ഠിച്ചതും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനപരിചയമുള്ളതും അനുഭവജ്ഞാനമുള്ളതുമായ കോർപ്പറേറ്റ് ഏജൻസികൾ, ക്രിസ്ത്യൻ മാനേജുമെന്റുകൾ, എം.ഇ.എസ്, എസ്.എൻ.ഡി.പി, എൻ.എസ്.എസ് പോലെയുള്ള സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ട് എങ്ങനെ നിങ്ങൾ വിദ്യാഭ്യാസരംഗം ഉടച്ചുവാർക്കും ? പ്രത്യയശാസ്ത്രത്തിന്റെ കടുംപിടിത്തംകൊണ്ട് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനാവില്ല. അതാണ് പ്രശ്നം. യാഥാർത്ഥ്യത്തെ കാണണം. യാഥാർത്ഥ്യത്തെ കാണാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സമീപനം വേണം. എനിക്ക് ബഹുമാനപ്പെട്ട പി. ജെ. ജോസഫിന്റെ ദയനീയ സ്ഥിതി മനസ്സിലാക്കുന്നുണ്ട്. ഈ നിയമസഭയിൽ അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട നാല് അംഗങ്ങളുടെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ടുണ്ട്. എന്റെ ശ്രദ്ധക്ഷണിക്കലിന് 21/7-ൽ എന്നോട് അങ്ങ് തിരിച്ചു പറഞ്ഞുവെങ്കിലും അങ്ങയുടെ പാർട്ടിയിൽപ്പെട്ട നാല് അംഗങ്ങളുടെ ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. ശ്രീ ആന്റണി രാജു, ശ്രീ. മോൻസ് ജോസഫ്, ശ്രീ. കെ.സി. ജോസഫ്, ശ്രീ. പി. സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ 25-6-1999-ൽ ചോദിച്ച ചോദ്യം നമ്പർ 855-ന് നൽകിയ മറുപടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. സംസ്ഥാനത്തിന് ആവശ്യമായ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ട്. ഇതുമൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അന്യ സംസ്ഥാനങ്ങളിൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ട്. ഇത് അങ്ങ് പറഞ്ഞ മറുപടിയാണ്. ഈ മറുപടി അങ്ങ് ഈ സഭയിൽ നൽകിയതിനുശേഷവും, ഒരാഴ്ച കഴിഞ്ഞപ്പോൾ എന്റെ ശ്രദ്ധക്ഷണിക്കലിന് അങ്ങ് പറഞ്ഞു. നയപരമായ തീരുമാനം എടുത്തിട്ടില്ലായെന്ന്, എന്നാണ് തീരുമാനമെടുക്കുക ? അങ്ങയുടെ ചില പ്രസ്താവനകൾ ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയ കോളേജുകൾ ആവശ്യമാണ്. വിദ്യാഭ്യാസമന്ത്രി ശ്രീ. പി. ജെ. ജോസഫ് അങ്ങ് ശരിയാണെന്ന് പറയുന്ന കാര്യം നടപ്പിലാക്കാൻ പറ്റുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് വിദ്യാഭ്യാസമന്ത്രി എന്ന കുപ്പായവുമിട്ട് നടക്കുന്നത് ? വിദ്യാഭ്യാസമന്ത്രി പ്രസംഗിച്ചാൽ മതിയോ? പൊതുയോഗങ്ങളിലും സ്വകാര്യമാനേജുമെന്റുകളുടെ യോഗങ്ങളിലും എസ്.എൻ.ഡി.പി. യുടെയും എൻ.എസ്.എസ്സിന്റെയും യോഗങ്ങളിലും പോയി പ്രസംഗിക്കുക, എന്നിട്ട് നിയമസഭയിൽ വരുമ്പോൾ തീരുമാനങ്ങൾ പറയാൻ ചങ്കൂറ്റമില്ലാതിരിക്കുക. എന്തിനാണ് അങ്ങ് ഈ കസേരയിൽ ഇരിക്കുന്നത് ? അങ്ങയുടെ തന്നെ പ്രസ്താവനയാണ്. സ്വകാര്യമേഖലയിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനെ സംബന്ധിച്ച് അങ്ങ് ഒരു തീരുമാനമെടുത്തു. അങ്ങ് തൊടുപുഴയിലായിരുന്നു. അങ്ങും ഞാനും ആ സമ്മേളനത്തിലുണ്ടായിരുന്നു. സംസ്ഥാന യുവജനോത്സവവും അങ്ങയുടെ നാട്ടിൽ നടക്കുന്നു. അങ്ങ് തിരുവനന്തപുരത്ത് ഉണ്ടാകുകയില്ലായെന്ന് മുഖ്യമന്ത്രിക്ക് അറിയാൻ മേലേ ? ഈ മന്ത്രിസഭയ്ക്ക് അറിയാൻ മേലേ ? അദ്ദേഹം തിരുവനന്തപുരത്ത് ഉണ്ടാകേണ്ടതാണെന്ന് മുഖ്യമന്ത്രിക്ക് അറിഞ്ഞുകൂടേ ?

മി. സ്പീക്കർ : അതൊന്നും ഇതിലെ വിഷയമല്ല.

ശ്രീ. ഇ. എം. അഗസ്തി : തൊടുപുഴയിലുള്ള ആൾ തിരുവനന്തപുരത്ത് ഉണ്ടാകുകയില്ലായെന്നും അങ്ങ് ആ യോഗത്തിൽ പങ്കെടുക്കുകയില്ലായെന്നും അറിയാമായിരുന്നല്ലോ. മുഖ്യമന്ത്രി ആ സമ്മേളനം ഉദ്ഘാടനം ചെയ്യേണ്ടതായിരുന്നതാണല്ലോ. സംസ്ഥാന സ്കൂൾ യുവജനോത്സവം ഉദ്ഘാടനം ചെയ്യേണ്ടത് മുഖ്യമന്ത്രിയാണ്, മുഖ്യമന്ത്രി എത്തുന്നുമില്ല വിദ്യാഭ്യാസമന്ത്രിക്ക് മന്ത്രിസഭാ യോഗത്തിൽ പങ്കെടുക്കാൻ പറ്റുന്നുമില്ല. അങ്ങ് നൽകിയ ഉത്തരവ് മന്ത്രിസഭ അസ്ഥിരപ്പെടുത്തി, അങ്ങയുടെ മന്ത്രാലയമെടുത്ത തീരുമാനം അസ്ഥിരപ്പെടുത്തി. ഇപ്പോൾ എന്താണ് സ്ഥിതി ? സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജിന്റെ പ്രശ്നത്തിൽ സി.പി.എം. നിലപാട് കർശനമാകുന്നു. സി.പി.എം.നെ പറ്റിയല്ല ഞാൻ പറയുന്നത്. വിദ്യാഭ്യാസമേഖലയിലെ പ്രശ്നമായതുകൊണ്ട് ഞാൻ അതിനെപ്പറ്റി സൂചിപ്പിച്ചുവെന്നേയുള്ളൂ. ഇവിടെ സ്വാശ്രയകോളേജുകൾക്ക് ഒരു രക്ഷാമാർഗ്ഗമെന്ന നിലയിൽ ഡോക്ടർ എം.വി. പൈലിയെ പോലെയും ശ്രീ. ടി. എം. ജേക്കബിനെ പോലെയുമുള്ള വിദഗ്ദ്ധന്മാർ അഭിപ്രായം പറഞ്ഞിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് കേരളം പിറകോട്ടാണ്.

മി. സ്പീക്കർ : ഇതൊക്കെ പൊതു ചർച്ചയിൽ പറയേണ്ട കാര്യങ്ങളാണ്.

ശ്രീ. ഇ. എം. അഗസ്തി : കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഉടച്ചുവാർക്കുവാൻ അനിവാര്യമായിട്ടുള്ള സ്വകാര്യമേഖലയെ ഒഴിവാക്കിക്കൊണ്ട് എങ്ങനെ അത് ചെയ്യുവാൻ പറ്റുമെന്നതിനെ സംബന്ധിച്ച് അങ്ങയുടെ നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ 32 കോളേജുകളുടെ സ്ഥിതി എന്താണ് ? ഇപ്പോൾ എന്റെ കൈയിലിരിക്കുന്നത് ഇന്നലത്തെ മലയാളമനോരമ പത്രമാണ്. ഇതിൽ ഒരു കാര്യം പറയുന്നു. ഇവിടെനിന്നും അങ്ങയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ബംഗാളിലേയ്ക്ക് അയയ്ക്കാൻ പോകുകയാണ്. സ്വകാര്യമേഖലയിൽ സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിന്റെ സാദ്ധ്യതയെപ്പറ്റിയോ പ്രായോഗികതയെപ്പറ്റിയോ അന്വേഷിക്കുന്നതിനുവേണ്ടി ബംഗാളിലേക്ക് ഒരു സംഘത്തെ അയ്ക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. കെ. സി. ജോസഫും പോകുകയാണ്. പക്ഷേ നിങ്ങൾ പോകുന്നതിനുമുൻപായി കേരളത്തിലെ ജനങ്ങൾ മുഴുവൻ അറിഞ്ഞിരിക്കുന്നു. വിവരസാങ്കേതിക വിദ്യയല്ലേ, അവിടെ ചെന്ന് കണ്ടും കേട്ടും അറിയണ്ടല്ലോ ? കേരളത്തിലെ ജനങ്ങൾ അറിയുന്നു. മലയാളമനോരമ പത്രത്തിലെ തലവാചകം, "ബംഗാളിൽ സ്വകാര്യ മേഖലയിലടക്കം 100 എഞ്ചിനീയറിംഗ് കോളേജുകൾ " 5 വർഷത്തിനകം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 100 ആക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ധനകാര്യമന്ത്രി ഡോ. അസിം ദാസ് ഗുപ്ത വ്യാഴാഴ്ച ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ബംഗാളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ അവിടത്തെ ധനമന്ത്രി പറയുന്നത്, എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 5 വർഷം കൊണ്ട് 100 ആക്കിയെന്നാണ് പറയുന്നത്. ഇപ്പോൾ ഈ സംസ്ഥാനത്ത് 30 എഞ്ചിനീയറിംഗ് കോളേജുകളാണുള്ളത്. ഇതിൽ 11 എണ്ണം മാത്രമാണ് സർക്കാർ നേരിട്ടോ സർക്കാരിന്റെ പൂർണ്ണ സഹായത്തോടെയോ നടത്തുന്നത്. കഴിഞ്ഞ അഞ്ചു വർഷത്തെ ഇടതുമുന്നണി ഭരണത്തിൽ 10 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്വകാര്യമേഖലയിൽ എഞ്ചിനീയറിംഗ് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിന് തടസ്സം നിൽക്കരുത്. 1996-ൽ തന്നെ ശ്രീ. ജ്യോതിബസു നയപരമായ തീരുമാനവുമെടുത്തിരുന്നു. ബംഗാളിൽ പ്രത്യയശാസ്ത്രത്തിന് തടസ്സമൊന്നുമില്ല. കേരളത്തിൽ പ്രത്യയശാസ്ത്രത്തിന് തടസ്സമുള്ളതുകൊണ്ട് ഭാവി തലമുറയെ നശിപ്പിക്കണമോ എന്നതാണ് ചോദ്യം. അങ്ങേയ്ക്ക് സത്യസന്ധമായ മറുപടി പറയാൻ പറ്റുമോ ? Now you are hijacking അങ്ങയെ ഹൈജാക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുകയാണ്. ഹൈജാക് ചെയ്തു തടവുകാരനെപ്പോലെയിരിക്കുന്ന വിദ്യാഭ്യാസമന്ത്രിക്ക് കേരളത്തിൽ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുവാൻ കഴിയുമോ എന്ന കാര്യത്തെ സംബന്ധിച്ച് വ്യക്തമായ മറുപടി പറയാൻ കഴിയുമോ ? ഇത് സഭയ്ക്ക് അറിയണം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ വിലപ്പെട്ട സംഭാവന നൽകിയ കോർപ്പറേറ്റ് ഏജൻസികൾ, ക്രിസ്ത്യൻ മാനേജ്മെന്റുകൾ, എൻ.എസ്.എസ്., എസ്.എൻ.ഡി.പി., എം.ഇ.എസ്. തുടങ്ങിയ വിദ്യാഭ്യാസ ഏജൻസികളെ മാറ്റിനിറുത്തിക്കൊണ്ട് എങ്ങനെയാണ് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗം ഉടച്ചുവാർക്കാൻ കഴിയുന്നതെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അദ്ദേഹം ഒട്ടേറെ വിഷയങ്ങളിലേയ്ക്ക് കടന്നു പോയിട്ടുള്ളതുകൊണ്ട് എനിക്ക് അല്പം സമയം കൂടുതൽ വേണം. അദ്ദേഹം ആദ്യം പറഞ്ഞത് കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചാണ്. ആ ഗുണനിലവാരത്തിൽ നമ്മൾ വളരെ താഴെപ്പോയിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ 1996 സെപ്റ്റംബർ 5,6, തീയതികളിൽ തിരുവനന്തപുരത്ത് ഒരു നാഷണൽ കോൺഫറൻസ് നടന്നു. 'Towards a more meaningful education' അതായിരുന്നു വിഷയം. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന് നേതൃത്വം കൊടുക്കുന്നവർ, ഇവിടത്തെ ഡി.പി.ഐ. യുടെ സ്ഥാനത്തുള്ളവർ, എൻ.സി.ഇ.ആർ.ടി. യുടെ പ്രതിനിധി ഇവരെല്ലാം ആ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. കേരളത്തിലെ അദ്ധ്യാപക സംഘടനകളിൽ നിന്നും 250-ഓളം പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദേശീയതലത്തിലുള്ള ഒരു ഓർഗനൈസേഷനാണ് അത് വിലയിരുത്തിയത്. കേരളം പ്രൈമറി വിദ്യാഭ്യാസ രംഗത്ത് 14-ാം സ്ഥാനത്തേയ്ക്ക് പോയി വളരെ ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്. എസ്.എസ്.എൽ.സി. യുടെ റിസൾട്ട് നോക്കുമ്പോൾ മോഡറേഷൻ കൂടാതെയുള്ള വിജയം 32 ശതമാനം. 68 ശതമാനം കുട്ടികൾ തോൽക്കുന്ന ഒരു സംസ്ഥാനം. ക്വാളിറ്റിയുടെ കാര്യത്തിൽ വളരെ താഴെപ്പോയിരിക്കുന്നു. ഇതിന് പരിഹാരം കാണണം. ഒരു തിരുവനന്തപുരം ഡിക്ലറേഷൻ സെപ്റ്റംബർ 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നാണ് നടത്തിയത്. ഈ ഫെബ്രുവരി മാസം 9-ാം തീയതി എറണാകുളത്തുവച്ച് തിരുവനന്തപുരം ഡിക്ലറേഷനെത്തുടർന്നുണ്ടായ നടപടികളെക്കുറിച്ചുള്ള വിലയിരുത്തലും നടത്തി. 1996-ലെ കോൺഫറൻസിൽ പ്രമുഖരായ പല വിദ്യാഭ്യാസ പ്രവർത്തകരും പങ്കെടുത്തിരുന്നു. പ്രൊഫസർ യശ്പാൽ കമ്മീഷനാണ് വിദ്യാർത്ഥികളെ പുസ്തകത്തിന്റെ ഭാരത്തിൽനിന്നും രക്ഷിക്കണമെന്ന റിപ്പോർട്ട് നൽകിയത്. അദ്ദേഹവും എറണാകുളത്തുണ്ടായിരുന്നു. ഇത് രണ്ടും കൂടി താരതമ്യപ്പെടുത്തിയാൽ, പ്രൈമറി വിദ്യാഭ്യാസരംഗത്ത് 14-ാം സ്ഥാനത്തുനിന്ന കേരളം ഇന്ന് എവിടെ നിൽക്കുന്നു ? ഞാൻ ഏതാനും ആഴ്ചകൾക്കുള്ളിൽ ഒരു റിപ്പോർട്ട് പ്രതീക്ഷിക്കുകയാണ്. അവിടെ വന്നവർ വിലയിരുത്തിയശേഷം അഭിപ്രായങ്ങൾ പറഞ്ഞു. അവർ ഒറ്റയ്ക്ക് വിലയിരുത്തിയതല്ല. എൻ.സി.ഇ.ആർ.ടി തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

സംഘടനകൾ കേരളത്തിലെ വിവിധ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തി നൽകിയ റിപ്പോർട്ട് അനുസരിച്ചാണ് ഡി.പി.ഇ.പി. നടപ്പാക്കിയത്. ആറ് ജില്ലകളിലല്ല, 14 ജില്ലകളിൽ നടപ്പാക്കിയ പുതിയ പാഠ്യ പദ്ധതി. പ്രൈമറി വിദ്യാഭ്യാസരംഗത്ത് കേരളം 14-ാം സ്ഥാനത്തുനിന്നും 1-ാം സ്ഥാനത്ത് എത്തിയിരിക്കുന്നു. ഈ കുട്ടികൾ പുതിയ പാഠ്യപദ്ധതിയിൽ 7-ാം ക്ലാസ്സിൽ എത്തിയിരിക്കുന്നു. ഇന്നലെ വൈകുന്നേരം ഞാൻ സന്ദർശിച്ച സ്കൂളിലെ കുട്ടികളെക്കൊണ്ട് എഴുതിവച്ച കടലാസ് എന്റെ കൈയിലുണ്ട്. നിങ്ങൾ ഇതെല്ലാമൊന്ന് പരിശോധിക്കണം. എന്റെ കൈയിലിരിക്കുന്ന കടലാസ് 2-ാം ക്ലാസിലെ കുട്ടികളെക്കൊണ്ട് എഴുതിപ്പിച്ചതാണ്. അങ്ങു തന്നെ ഈ കൈയ്യക്ഷരങ്ങൾ ഒന്നു പരിശോധിക്കണം. ഞാൻ മേശപ്പുറത്തു വയ്ക്കാം. പക്ഷേ അതിന്റെ ഫോട്ടോകോപ്പി എനിക്കു കിട്ടണം. 176-ാ മത്തെ പ്രൈമറി സ്കൂളിൽ ഞാൻ നടത്തിയ ടെസ്റ്റാണ്. എഴുതിയ വാക്കുകൾ അമ്മ, പക്ഷി, മരം, മാമ്പഴം, പശു, ബെറ്റ്സി മാർക്കോസാണ് ഇതെഴുതിയത്. ബിൻസി ബേബി, താമര, ചാമരം, തവള, പാൽ, മരം, ബെറ്റ്സി സ്കറിയ- അക്ഷരം, ജീരകം, പശു, ആട്, ഭൂകമ്പം. ഭൂകമ്പം എന്ന വാക്ക് ഇതിനുമുമ്പ് ആ കുട്ടി എഴുതിയിട്ടില്ല എന്നുപറഞ്ഞു. എത്ര വടിവൊത്ത അക്ഷരത്തിൽ എഴുതിയിരിക്കുന്നു. മരിയാജോസ്- തവള, താമര, പള്ളി, തക്കാളി, കിളി, മേഴ്സി-അച്ഛൻ, പശു, പക്ഷി, ആട്, പമ്പരം. നാലഞ്ചു കുട്ടികൾ എഴുതിയതിൽ മേഴ്സി മാത്രം അച്ഛൻ എന്നെഴുതിയതിന്റെ 'ച്ഛ' യ്ക്ക് അൽപം പിശകുപറ്റി. ബാക്കി മുഴുവൻ വാക്കുകളും ഈ കുട്ടികൾ ശരിയായി എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കെ. ഇ. ഇസ്മയിൽ ഇത് കണ്ടതിനുശേഷം ബഹുമാനപ്പെട്ട സ്പീക്കർക്കും കൊടുക്കണം. ഇത് 176-ാമത്തെ സ്കൂളാണ്. ഈ രാജ്യത്ത് തെറ്റായ ഒരു പ്രചരണം നടന്നു. 1996-ൽ നടത്തിയ ദേശീയാടിസ്ഥാനത്തിലുള്ള സമ്മേളനത്തിൽ തിരുവനന്തപുരം ഡിക്ലറേഷനിൽ തീരുമാനിച്ചതാണ് ഇവിടത്തെ കരിക്കുലത്തിൽ മാറ്റം വരുത്തണമെന്ന് ; പാഠ്യപദ്ധതിയിൽ മാറ്റം വരുത്തണമെന്ന്. ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസം നടപ്പാക്കി. അത് 1997-ൽ ആദ്യം നടപ്പാക്കിയത് ഡി.പി.ഇ.പി. നടപ്പാക്കിയ 6 ജില്ലകളിലാണ്. ഇന്ത്യയിൽ അന്ന് 12 സംസ്ഥാനങ്ങളിൽ ഡി.പി.ഇ.പി. നടപ്പാക്കിയിരുന്നു. 11 സംസ്ഥാനങ്ങളിലും ഈ പാഠ്യപദ്ധതി പരിഷ്ക്കാരം നടപ്പാക്കിയിട്ടില്ല. 1997 അവസാനം കരിക്കുലം കമ്മിറ്റി വിലയിരുത്തി. ഞാനായിരുന്നു ചെയർമാൻ. ഈ പദ്ധതി തുടരണമോ വേണ്ടയോ എന്ന് അലോചിച്ചു. തുടരാൻ ഏകകണ്ഠമായി തീരുമാനിച്ചു. 14 ജില്ലകളിൽ നടപ്പാക്കിയ ഈ പദ്ധതി 1998-ൽ മറ്റ് 8 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. ഇപ്പോൾ കുട്ടികൾ 7-ാം ക്ലാസ്സിൽ എത്തിയിരിക്കുന്നു. 7-ാം ക്ലാസ് വരെ എത്തിയ കുട്ടികളെ വിലയിരുത്തിയതിനുശേഷമാണ് ദേശീയതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ, 14-ാം സ്ഥാനത്താണ് കേരളം എന്ന് റിപ്പോർട്ട് ചെയ്ത അതേ സംഘടനകൾ അതിന്റെ പ്രതിനിധികൾ സംസാരിച്ചു. റിട്ടൺ റിപ്പോർട്ട് വന്നിട്ടില്ല. ഏതാനും ആഴ്ചകൾക്കകം റിപ്പോർട്ട് കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളം 1-ാം സ്ഥാനത്തേയ്ക്ക് വരികയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മോഡറേഷൻ കൂടാതെയുള്ള എസ്.എസ്.എൽ.സി. വിജയ ശതമാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന വർദ്ധനവ് അങ്ങ് ശ്രദ്ധിക്കണം. 32 ശതമാനം ആയിരുന്ന വിജയശതമാനം കഴിഞ്ഞ വർഷം 43 ശതമാനമായി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ കേരളം താഴെപ്പോയിരിക്കുന്നു എന്നുപറഞ്ഞ ശ്രീ. ഇ. എം. അഗസ്തിയുടെ സ്റ്റേറ്റ്മെന്റിനുള്ള മറുപടിയാണ് ഞാൻ ഈ പറയുന്നത്. അങ്ങ് പറഞ്ഞ എല്ലാ പോയിന്റ് സിനും മറുപടി പറയുന്നുണ്ട്. 14-ാം സ്ഥാനത്തുനിന്നും 1-ാം സ്ഥാനത്തേയ്ക്കു വരുമ്പോൾ, ... ഞാൻ പറഞ്ഞല്ലോ എസ്.എസ്.എൽ. സി. പരീക്ഷയിൽ കഴിഞ്ഞ വർഷം 32 ശതമാനം ആയിരുന്ന വിജയശതമാനം 43 ശതമാനമായി എന്ന്. ഈ വർഷം 56 ശതമാനം വിജയം മോഡറേഷൻ കൂടാതെ പ്രതീക്ഷിക്കുകയാണ്. ഇപ്പോൾ 7-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ 2004-ൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതും. മോഡറേഷൻ കൂടാതെ 90 ശതമാനം കുട്ടികളെ വിജയിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും വലിയ റിക്കാർഡ് ആയിരിക്കും മോഡറേഷൻ കൂടാതെ 90 ശതമാനം കുട്ടികളെ വിജയിപ്പിക്കുന്നത്. പിന്നെ എന്തുകൊണ്ട് 10 ശതമാനം കുട്ടികൾ തോൽക്കുന്നു എന്ന് ചോദിച്ചാൽ പഠന വൈകല്യമുള്ള, ലേണിംഗ് ഡിസെബിലിറ്റീസുള്ള 10 ശതമാനം കുട്ടികളുണ്ട്. അവരുടെ പ്രശ്നങ്ങൾ കൂടി പരിഹരിക്കാനുള്ള വലിയ പരിശീലന പരിപാടി ആംരഭിച്ചിരിക്കുന്നു. അതുകൂടി പരഹരിക്കപ്പെട്ടാൽ 100 ശതമാനം വിജയം വരിക്കുന്ന ഒരു വിദ്യാഭ്യാസ ഗുണനിലവാരത്തിലേയ്ക്കായിരിക്കും കേരളം പോകുന്നത്. തിരുവനന്തപുരം ഡിക്ലറേഷന്റെ 2-ാ മത്തെ ഐറ്റം. യൂണിവേഴ്സലൈസേഷൻ ഓഫ് ഹയർസെക്കന്ററി എഡ്യൂക്കേഷൻ. അതു 1996-ൽ തീരുമാനിച്ചതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രീഡിഗ്രി ഡീലിങ്കിംഗിന് ഇവിടെ ബിൽ കൊണ്ടുവന്നത്, ഏകകണ്ഠമായി പാസ്സാക്കിയത്. 3 വർഷം കൊണ്ട് അത് പൂർത്തിയാക്കുമെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അത് പൂർത്തിയാക്കി. കഴിഞ്ഞവർഷം രണ്ടേമുക്കാൽ ലക്ഷം കുട്ടികൾ പാസ്സായി. പഠിക്കാൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും 12-ാം ക്ലാസ്സുവരെ പഠിക്കാനുള്ള അവസരം ഈ വർഷം ഗവൺമെന്റ് ഒരുക്കി. ഒരു ലക്ഷം സീറ്റിൽ നിന്നും ഒരു ല്ക്ഷത്തി എഴുപത്തിരണ്ടായിരം സീറ്റാണ് പ്ലസ് ടു വിൽ. 30,000 സീറ്റുകൾ വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ. അപ്പോൾ രണ്ടു ലക്ഷമായി. 10,000 സീറ്റുകൾ പോളീടെക്നിക്കുകളിൽ. അപ്പോൾ രണ്ടു ലക്ഷത്തി പതിനായിരം. 30,000 സീറ്റ് ഐ.റ്റി.സി, ഐ.റ്റി.ഐ. എന്നിവയിൽ രണ്ടു ലക്ഷത്തി നാൽപ്പത്തിനായിരം. പിന്നെ കെ.ജി.റ്റി.ഇ. തുടങ്ങിയ മറ്റ് പരീക്ഷകൾക്ക് പതിനായിരം. അപ്പോൾ രണ്ടു ലക്ഷത്തി അൻപതിനായിരം. ബാക്കി 25,000 കുട്ടികൾക്ക് ഓപ്പൺ സ്കൂളുകൾ തുടങ്ങി. എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും പഠിക്കാനുള്ള അവസരം ഉണ്ടാക്കിയിരിക്കുന്നു. യൂണിവേഴ്സലൈസേഷൻ ഓഫ് ഹയർ എഡ്യൂക്കേഷൻ ലക്ഷ്യമിട്ടിടത്ത് എത്തിയിരിക്കുന്നു. ഇനി അദ്ദേഹം പറഞ്ഞ ആദ്യത്തെ പോയിന്റിനുള്ള മറുപടി. ക്വാളിറ്റി ഇംപ്രൂവ്മെന്റിലേയ്ക്ക് വന്നിരിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം വന്ന മാറ്റം, ഞാൻ വിദ്യാഭ്യാസ മന്ത്രിയായി ചാർജ്ജ് എടുക്കുമ്പോൾ എഞ്ചിനീയറിംഗിനുള്ള സീറ്റ് 3709. എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 14. ഇപ്പോൾ എഞ്ചിനീയറിംഗ് സീറ്റുകളുടെ എണ്ണം 9128.

LIBRARY ARCHIVES Kerala Legislative Assembly

5419 സീറ്റുകൾ വർദ്ധിപ്പിച്ചു. ഈ കേരള ചരിത്രത്തിൽ ഇതുപോലൊന്ന് ഉണ്ടായിട്ടുണ്ടോ ? നിങ്ങളുടെ 5 കൊല്ലത്തെ ഭരണകാലത്ത് എത്ര സീറ്റുകൾ എഞ്ചിനീയറിംഗിന് വർദ്ധിപ്പിച്ചു ? ആയിരത്തിനു താഴെ. നിങ്ങൾ സ്വകാര്യ മേഖലയെപ്പറ്റിയും പൊതുമേഖലയെപ്പറ്റിയും ഘോരഘോരം പ്രസംഗിക്കുമ്പോൾ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിങ്ങളുടെ കാലത്ത് 5 കൊല്ലം കൊണ്ട് വർദ്ധിപ്പിച്ചത് ആയിരത്തിനു താഴെ സീറ്റുകളാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് 5419. ബഹുമാനപ്പെട്ട അഗസ്തി ശ്രദ്ധിക്കണം. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വളർച്ചയെപ്പറ്റി ഇവിടെ നിങ്ങൾ പറഞ്ഞു. ആദ്യ വർഷങ്ങളിൽ സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളോട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് യോജിപ്പില്ലായിരുന്നു. ഞങ്ങൾ 2 കൊല്ലക്കാലം ചർച്ച നടത്തിയതിനെത്തുടർന്ന്.....ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വന്നിട്ടില്ല. 1999-ൽ പൊതുമേഖലയിൽ യൂണിവേഴ്സിറ്റികൾ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. തുടങ്ങിയവയുടേയും മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സഹകരണ അക്കാഡമി തുടങ്ങിയവയുടെയും നേതൃത്വത്തിൽ ആരംഭിച്ച കോളേജുകൾ. ഈ സംസ്ഥാനത്ത് ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം 32 ആയി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ 4 എണ്ണമാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് തന്നെ 5 എണ്ണം കൂടി തുറന്നു. ഇത്രമാത്രം സാമ്പത്തിക ബുദ്ധിമുട്ടുള്ള കാലഘട്ടത്തിലാണ് അനുവാദം തന്നത്. 5 സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളാണ് അവശേഷിക്കുന്നത്. അവിടെ തുടങ്ങിയ കോഴ്സുകൾ ഒക്കെ ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനമാക്കിയുള്ളതാണ്. സീറ്റുകളുടെ എണ്ണം 3709-ൽ നിന്നും 9128 ആയി വർദ്ധിപ്പിച്ചു. അന്ന് ഞാൻ ഇവിടെ പറഞ്ഞു. സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല. പൊതു മേഖലയിൽ യൂണിവേഴ്സിറ്റികൾ, അതുപോലെ അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങൾ, സഹകരണ അക്കാഡമി ഒക്കെ തുടങ്ങാൻ തീരുമാനിച്ചു. എന്നാൽ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യം മാറ്റിവച്ചു. നിങ്ങൾക്ക് നയമുണ്ടായിരുന്നു. പക്ഷെ ഒന്നും തുടങ്ങിയിട്ടില്ല. ആയിരം സീറ്റിന്റെ സ്ഥാനത്ത് അയ്യായിരത്തിൽപ്പരം സീറ്റുകൾ വർദ്ധിപ്പിച്ചു. അതു പോലെതന്നെ കൂടുതൽ അപേക്ഷകൾ വന്നിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ സഹകരണ മേഖലയിൽ തുടങ്ങുന്ന കാര്യം ഇപ്പോഴും ആലോചനയിലാണ്. നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടല്ല 1999-ൽ സഹകരണ മേഖലയിലും എൽ.ബി.എസ്. ലും ..... സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ നയപ്രഖ്യാപനത്തിലില്ല. എല്ലാം നയപ്രഖ്യാപനത്തിൽ വേണമെന്നില്ല. തുടങ്ങുകയില്ല എന്നുപറഞ്ഞിട്ടില്ല. നയപ്രഖ്യാപനത്തിൽ എല്ലാം പറയണമെന്നില്ല. സ്വകാര്യ മേഖലയെപ്പറ്റി ബഹുമാനപ്പെട്ട അഗസ്തി ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ നിങ്ങൾ നയപരമായി തീരുമാനിച്ചല്ലോ. കഴിഞ്ഞ 5 കൊല്ലക്കാലം നിങ്ങൾ ഒരൊറ്റ പ്ലസ്ടു സ്കൂൾ സ്വകാര്യ മേഖലയിലോ ഗവൺമെന്റ് മേഖലയിലോ ആരംഭിച്ചോ ? നിങ്ങൾക്ക് നയമുണ്ടെന്ന് പറഞ്ഞാൽ മതിയോ? ആ സ്ഥാനത്ത് ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്ലസ് ടൂ സ്കൂളുകൾ 50 ശതമാനം സ്വകാര്യ മേഖലയിൽ തന്നെയാണ് ആരംഭിച്ചത്. 930 സ്കൂളുകളാണ് തുടങ്ങിയത്. അതിൽ ആദ്യത്തെ 80 എണ്ണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തുതന്നെ ആരംഭിച്ചതാണ്. എട്ടോ പത്തോ എണ്ണം ആ കാലത്ത് ആരംഭിച്ചോ എന്ന് എനിക്കറിഞ്ഞുകൂടാ. 99 ശതമാനവും ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. അതിൽ 50 ശതമാനവും പ്രൈവറ്റ് സ്കൂളുകളാണ്. നിങ്ങൾ പ്രൈവറ്റിനെപ്പറ്റി അനുകൂലമായി പ്രസംഗിക്കുന്നു. എന്നാൽ ഒന്നും ചെയ്യുന്നുമില്ല. ഇവിടെ നാന്നൂറിൽ ചില്വാനം പ്രൈവറ്റ് സ്കൂളുകളിൽ പ്ലസ് ടൂ ആരംഭിച്ചത് ഈ ഗവൺമെന്റാണ്. അപ്പോൾ നിങ്ങളുടെ പ്രസംഗത്തിൽ എന്താണിരിക്കുന്നത്? ഇനിയും ആ നയംതന്നെ നിങ്ങൾ തുടരുകയാണ്. ഞാൻ പ്രതീക്ഷിക്കുന്നത് ഈ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഞങ്ങൾക്ക് ഒരു പ്രൊജക്ഷനുണ്ട് എന്നാണ്. ഈ വർഷം എസ്.എസ്.എൽ.സി.ക്ക് രണ്ടേമുക്കാൽ ലക്ഷം കുട്ടികളാണ് വിജയിക്കുന്നതെങ്കിൽ 2004-ൽ ഇപ്പോൾ 7-ാം ക്ലാസിലെത്തിയ കുട്ടികൾ കമ്പ്യൂട്ടർ എയ്ഡഡ് എഡ്യൂക്കേഷനുമായി മുന്നോട്ടു നീങ്ങുമ്പോൾ 90 ശതമാനം കുട്ടികൾ വിജയിക്കും. 5 ലക്ഷം കുട്ടികൾ പാസ്സാകും. അപ്പോൾ മുഴുവൻ കുട്ടികൾക്കും പ്ലസ് ടൂവിന് പഠിക്കാൻ മൂന്നര ലക്ഷം സീറ്റുകൾ വേണ്ടിവരും. ഇന്നുള്ള 900-നു പുറമെ അറുന്നൂറ്, എഴുന്നൂറ് സ്കൂളുകളിൽക്കൂടി പ്ലസ് ടൂവിൽ വേണ്ടിവരും. അതുപോലെതന്നെ കൂടുതൽ ബാച്ചുകൾ വേണ്ടിവരും. അങ്ങനെ വരുമ്പോൾ 5 ലക്ഷം കുട്ടികളിൽ മൂന്നുമൂന്നര ലക്ഷം കുട്ടികൾ പ്ലസ് ടൂ വിനു ചേർന്നാൽ എൻട്രസ് എക്സാമിനേഷൻ എഴുതുന്നവരുടെ എണ്ണം ഇന്നത്തെ 40,000-ൽ നിന്ന് രണ്ടു ലക്ഷമാകും. ഇന്നു നമുക്ക് പതിനായിരത്തിനു താഴെ കുട്ടികളാണ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ളത്. 50 ലക്ഷം പേരെ ഇൻഫർമേഷൻ ടെക്നോളജിയിൽ പത്തുവർഷം കൊണ്ട് പരിശീലിപ്പിക്കാമെന്ന് പ്രധാനമന്ത്രിയുടെ പ്രഖ്യാപനമുണ്ടായിരുന്നു. അതിൽകൂടുതൽ വേണമെന്നാണ് കണക്ക്. കാരണം 'മറ്റെം' മാഗസീൻ എഴുതി യൂറോപ്പിനും അമേരിക്കയ്ക്കും മാത്രം ഇൻഡ്യാക്കാരായിട്ടുള്ളവർ 50 ലക്ഷം വേണമെന്ന്. അപ്പോൾ ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും ഇതുപോലെ ആവശ്യമുണ്ട്. ഇതു കണക്കിലെടുക്കുമ്പോൾ കേരളത്തിന്റെ ഷെയർ രണ്ടു ലക്ഷം കുട്ടികൾ പരീക്ഷയെഴുതിയാൽ ഒരു ലക്ഷം സീറ്റെങ്കിലും എൻജിനീയറിംഗിന് അന്നത്തേയ്ക്ക് വേണ്ടിവരും. അതിന് ദീർഘ കാലാടിസ്ഥാനത്തിൽ പ്ലാൻ ആവശ്യമാണ്. ബയോ ടെക്നോളജി തുടങ്ങിയ മറ്റു മേഖലകളിൽ പരിഷ്ക്കാരം വരുത്തുവാനുള്ള കൂടുതൽ റിപ്പോർട്ടുകൾ വന്നു കഴിഞ്ഞിരിക്കുന്നു. ലക്ഷ്യമിട്ടു പ്രഖ്യാപിച്ച മുഴുവൻ കാര്യങ്ങളും നടപ്പിലാക്കും. നിങ്ങളെ ചർച്ചയ്ക്കുവിളിക്കാം. വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ കാര്യങ്ങളും നടപ്പിലാക്കിയ ഗവൺമെന്റാണിത്. അതിൽ 50 ശതമാനം സ്വകാര്യമേഖലയ്ക്ക് മാറ്റിവച്ചിരിക്കുന്നു. നിങ്ങൾ സ്വകാര്യമേഖലയെപ്പറ്റി പ്രസംഗിക്കുകയും സ്വകാര്യ മേഖലയ്ക്ക് ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സീറ്റുകൾ 3,700-ൽ നിന്ന് 9,000 ആയി വർദ്ധിപ്പിക്കുന്നതിനും അതുപോലെ ഈ മേഖലയിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിലും കമ്പ്യൂട്ടർ എയ്ഡഡ് എഡ്യൂക്കേഷൻ നൽകുന്നതിലുമെല്ലാം സമയബന്ധിതമായ നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് അർഹമായ പ്രാധാന്യം കൊടുത്തുകൊണ്ടാണ് മുന്നോട്ടു നീങ്ങുന്നത്. അതുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ കാര്യത്തെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട അഗസ്തി ഉന്നയിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നു എന്നുപറഞ്ഞു. അങ്ങയുടെ നിർദ്ദേശപ്രകാരം അങ്ങയുടെ മന്ത്രാലയം അനുമതി നൽകിയതും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയും ക്യാൻസൽ ചെയ്തതുമായ 32 സ്വകാര്യ എൻജിനീയറിംഗ് കോളേജുകൾ എന്ന് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇടുക്കി ജില്ലയിൽ ഒറ്റ എൻജിനീയറിംഗ് കോളേജുമില്ലായിരുന്നു. ഈ ഗവൺമെന്റ് അവിടെ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങി. അതുപോലെതന്നെ ഈ കോളേജുകളുടെ കാര്യത്തിലും യഥാസമയം ഈ മുന്നണിയും ഗവൺമെന്റും തീരുമാനമെടുക്കും.

V സബ്മിഷൻ

(1) കേരളത്തിന്റെ കിഴക്കൻ മേഖലയിലുണ്ടായ ഭൂചലനം

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2000 ഡിസംബർ 12-ാം തീയതിയും അതിനുശേഷം ഡിസംബർ 16-ാം തീയതിയും 2001 ജനുവരി 7-ാം തീയതിയും 8-ാം തീയതിയുമുണ്ടായ ശക്തമായ ഭൂചലനങ്ങളുടെ കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. അതിൽ ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം റിക്ടർ സ്കെയിലിൽ 5 പോയിന്റാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 16-ാം തീയതിയുള്ള ഭൂചലനം 3.8 ആണ്. 12-ാം തീയതിയും 16-ാം തീയതിക്കുമിടയ്ക്ക് ഏകദേശം 83 പ്രാവശ്യം നേരിയതോതിൽ ഭൂചലനങ്ങളുണ്ടായി. 2001 ജനുവരി 7-ാം തീയതിയുണ്ടായ ഭൂചലനം രേഖപ്പെടുത്തിയിരിക്കുന്നത് ഐ. എം. ഡി. കണക്കനുസരിച്ച് 4.9 എന്നാണ്. 8-ാം തീയതിയുണ്ടായ ഭൂചലനം 3.17 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം കേരളത്തിലെ പത്തു ജില്ലകളിൽ അനുഭവപ്പെട്ടു. 2001 ജനുവരി 7-ാം തീയതിയുണ്ടായ ഭൂചലനം രേഖപ്പെടുത്തിയിരിക്കുന്നത് ഐ. എം. പി. കണക്കനുസരിച്ച് 4.9 എന്നാണ്. 8-ാം തീയതിയുണ്ടായ ഭൂചലനം 3.17 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഡിസംബർ 12-ാം തീയതിയുണ്ടായ ഭൂചലനം കേരളത്തിലെ പത്തു ജില്ലകളിൽ അനുഭവപ്പെട്ടു. 2001 ജനുവരി 7-ാം തീയതിയും 8-ാം തീയതിയും ഉണ്ടായ ഭൂചലനം കേരളത്തിലെ കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ നാലു ജില്ലകളിലാണ് അനുഭവപ്പെട്ടത്. ആയിരക്കണക്കിന്

11 A.M]

LIBRARY ARCHIVES Kerala Legislative Assembly